REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പഹൽഗാം ഭീകരാക്രമണത്തെ ബ്രിക്സ് ഉച്ചകോടിയിലെ നേതാക്കളുടെ പ്രഖ്യാപനം ശക്തമായി അപലപിച്ചു.**
- **പഹൽഗാം ഭീകരാക്രമണം ഇന്ത്യയുടെ ആത്മാവിനും സ്വത്വത്തിനും അന്തസ്സിനും നേരെയുണ്ടായ ആക്രമണമായിരുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാവിലെ ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തും. കളമശ്ശേരി നുവാൽസിൽ നിയമ വിദ്യാർത്ഥികളുമായി ഉപരാഷ്ട്രപതി സംവദിക്കും.**
- **സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ നിലവിൽ 383 പേരുണ്ടെന്ന് മന്ത്രി വീണാ ജോർജ്. ജില്ലകളിൽ ജാഗ്രത തുടരുന്നു.**
- **ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ ടെണ്ടുൽക്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് ചരിത്രവിജയം.**

## വാർത്തകൾ വിശദമായി

പഹൽഗാം ഭീകരാക്രമണത്തെ ബ്രിക്സ് ഉച്ചകോടിയിലെ നേതാക്കളുടെ പ്രഖ്യാപനം ശക്തമായി അപലപിച്ചു. അതിർത്തി കടന്ന ഭീകരവാദം, ഭീകരർക്ക് ധന സഹായം, സുരക്ഷിത താവളം ഒരുക്കൽ തുടങ്ങി എല്ലാത്തരം ഭീകരവാദത്തെയും നേരിടുന്നതിലെ പ്രതിബദ്ധത ബ്രിക്സ് നേതാക്കൾ ആവർത്തിച്ചു. ഭീകരവാദത്തോട് സഹിഷ്ണുതയില്ലാത്ത സമീപനം സ്വീകരിക്കാനും ഇക്കാര്യത്തിലെ ഇരട്ടത്താപ്പിനെ നിരസിക്കാനും നേതാക്കൾ ആഹ്വാനം ചെയ്തു. അതിർത്തി ഭീകരവാദത്തിനെതിരെ ശക്തമായ

നിലപാടെടുത്തതിനും ഇന്ത്യയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചതിനും അംഗ രാജ്യങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി നന്ദി അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്....

.......വോയ്സ്.......

സമാധാനവും, സുരക്ഷയും എന്ന വിഷയം ഉച്ചകോടിയിൽ ചർച്ചയ്ക്കു വന്നപ്പോഴാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പഹൽഗാം ഉൾപ്പെടെ ഭീകരവാദ വിഷയങ്ങൾ ഉന്നയിച്ചത്. പഹൽഗാം ഭീകരാക്രമണം ഇന്ത്യയുടെ ആത്മാവിനും സ്വത്വത്തിനും അന്തസ്സിനും എതിരായ ആക്രമണമായിരുന്നു എന്ന് പ്രധാനമന്ത്രി വിവരിച്ചു. ഭീകരതയോട് ഒരിക്കലും സഹിഷ്ണുത കാണിക്കരുതെന്നും തീവ്രവാദത്തിനെതിരെ ഉപരോധം ഏർപ്പെടുത്തുന്നതിൽ മടി കാട്ടരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഭീകരത ഇന്ത്യയ്ക്ക് മാത്രമല്ല മനുഷ്യരാശിക്ക് മുഴുവനും പ്രഹരമാണ്. സംഘർഷങ്ങൾ പരിഹരിക്കുന്നതിനും ആഗോള സമാധാനത്തിനുമാണ് ഇന്ത്യ നിലകൊള്ളുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഉച്ചകോടിക്കിടെ ക്യൂബ പ്രസിഡന്റ് മിഖേയൽ ഡിയാസ് കനേൽ, മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം, വിയറ്റ്നാം പ്രധാനമന്ത്രി ഫാം മിൻ ചിൻ എന്നിവരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രാവിലെ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. ഒമ്പതുമണിയോടെയാണ് ഉപരാഷ്ട്രപതി ക്ഷേത്രത്തിലെത്തുന്നത്. ദർശനത്തിനുശേഷം കളമശ്ശേരിയിലേക്ക് പോകുന്ന അദ്ദേഹം നുവാൽസിൽ നിയമ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ആശയവിനിമയം നടത്തും. തുടർന്ന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഉപരാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

ഉപരാഷ്ട്രപതിയുടെ സുരക്ഷാ മുന്നൊരുക്കത്തിന്റെ ഭാഗമായി രാവിലെ 8 മുതൽ പത്തു വരെ ഗുരുവായൂർ ക്ഷേത്രത്തിൽ വിവാഹം, ചോറൂണ്, ക്ഷേത്രദർശനം എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ നിലവിൽ 383 പേരുണ്ടെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറം ജില്ലയിലെ നിപ ബാധിച്ച വ്യക്തിയുടെ സമ്പർക്ക പട്ടികയിലെ 241 പേർ നിരീക്ഷണത്തിലാണ്. മലപ്പുറത്ത് 12 പേരാണ് ചികിത്സയിൽ കഴിയുന്നത്. അഞ്ച് പേർ ICU ചികിത്സയിലാണ്. പാലക്കാട്ട് നാല് പേർ ഐസൊലേഷൻ ചികിത്സയിലുമുണ്ട്.

ന്യൂസ് ഡെസ്കിൽ നിന്ന് കുടുതൽ വിവരങ്ങൾ.

.......വോയ്സ്......

പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച രോഗിയുടെ സമ്പർക്കപ്പട്ടികയിലെ 142 പേർ നിരീക്ഷണത്തിലാണ്. സമ്പർക്ക പട്ടികയിലെ 94 പേർ കോഴിക്കോട് ജില്ലയിലും, രണ്ട് പേർ എറണാകുളം ജില്ലയിലുമാണ് നിരീക്ഷണത്തിൽ കഴിയുന്നത്.

തിരുവനന്തപുരത്ത് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഇന്നലെ ഉന്നതതല യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തി. മലപ്പുറത്തും പാലക്കാട്ടും വീടുകളിലെ സന്ദർശനവും, പനി നിരീക്ഷണവും തുടരുകയാണ്. ഐസൊലേഷനിൽ കഴിയുന്നവരെ ഫോണിൽ വിളിച്ച് മാനസിക പിന്തുണ ഉറപ്പാക്കുന്നുണ്ട്. ആശുപത്രികളിൽ കൂടുതൽ ICU ഐസൊലേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

നിപാ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കനത്ത ജാഗ്രത തുടരുകയാണ്. മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, കുറുവ, മങ്കട പഞ്ചായത്തുകളിലെ 20 വാർഡുകളെ കണ്ടെയ്ൻമെന്റ് സോണാക്കി മാറ്റി. മാസ്ക് ധരിക്കണമെന്നും, കൂടിച്ചേരലുകൾ ഒഴിവാക്കണമെന്നും കർശന നിർദേശമുണ്ട്.

✪✪✪

പാലക്കാട് മേനോൻ പാറയിലെ മലബാർ ഡിസ്റ്റിലറിയിൽ ഇന്ത്യൻ നിർമിത വിദേശ മദ്യ യൂണിറ്റിന്റെ നിർമ്മാണം രാവിലെ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

ജില്ലയുടെ വ്യവസായക്കുതിപ്പിനു ഊർജമേകുന്ന പദ്ധതിയിലൂടെ നിരവധി തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. എട്ട് മാസം കൊണ്ട് നിർമ്മാണം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

ഒരു ദിവസം 1,21,500 ലിറ്റർ മദ്യം മലബാർ ഡിസ്റ്റിലറിയിൽ ഉൽപ്പാദിപ്പിക്കാനാകും. 250 ഓളം പേർക്ക് തൊഴിലും ലഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ഇരിങ്ങാലക്കുട നഗരസഭ സംഘടിപ്പിച്ച ഞാറ്റുവേല മഹോത്സവം സമാപന സമ്മേളനം മന്ത്രി ഡോ. R. ബിന്ദു ഉദ്ഘാടനം ചെയ്തു. കാർഷികവൃത്തി സമൂഹത്തിലും സംസ്കാരത്തിലും പുലർത്തുന്ന സ്വാധീനവും ബന്ധവും യുവ തലമുറയെ ബോധ്യപ്പെടുത്താൻ ലഭിക്കുന്ന അവസരമാണ് ഞാറ്റുവേലയെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കൊല്ലം ജില്ലയിലെ ആയിരവല്ലിപ്പാറ സംരക്ഷിച്ച് ടൂറിസം സാധ്യതകൾ മെച്ചപ്പെടുത്തുമെന്ന് മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ആയിരവല്ലിപ്പാറ സംരക്ഷണത്തോടൊപ്പം പ്രകൃതിക്ക് ദോഷം വരാത്ത വികസന പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. റോപ് വേ, സാഹസിക ടൂറിസം എന്നിവയുടെ സാധ്യതകൾ പരിശോധിക്കുമെന്നും സ്ഥലം സന്ദർശിച്ച ശേഷം മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിലെ വന്യജീവി പ്രശ്നം സംബന്ധിച്ച് ഉച്ച കഴിഞ്ഞ് കളക്ട്രേറ്റിൽ ചേരുന്ന യോഗത്തിൽ മന്ത്രി PA മുഹമ്മദ് റിയാസ് സംബന്ധിക്കും.

രാവിലെ സേവാമന്ദിർ സ്കൂൾ SSLC, ഹയർസെക്കൻഡറി വിദ്യാർത്ഥികളുടെ അനുമോദന ചടങ്ങിലും തുടർന്ന് ബേപ്പൂർ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിടം ഉദ്ഘാടനം ചടങ്ങിലും മന്ത്രി പങ്കെടുക്കും.

✪✪✪

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ ചിലയിടങ്ങളിൽ കനത്ത മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. എന്നാൽ ഒരിടത്തും ജാഗ്രതാ നിർദേശം നൽകിയിട്ടില്ല.

തീരമേഖലയിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് മറ്റന്നാൾ വരെ കർണാടക തീരത്ത് മീൻപിടുത്തത്തിന് പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്ന് കടലിൽ പോയി കാണാതായ മീൻപിടുത്ത ബോട്ട് ശ്രീലങ്കയിൽ കണ്ടെത്തിയതായി ദ്വീപ് - ഫിഷറീസ് വകുപ്പ് സ്ഥിരീകരിച്ചു. ഗാലക്സിയെന്ന ബോട്ടിലെ നാല് തൊഴിലാളികളും സുരക്ഷിതരാണ്.

✪✪✪

ഇടുക്കി ജില്ലയിലെ ജീപ്പ് സഫാരി ജില്ലാ കളക്ടർ നിരോധിച്ചു. ജീപ്പ് സഫാരിയും ഓഫ്-റോഡ് സവാരികൾക്കും നിരോധനം ബാധകമാണ്. തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിലാണ് നിരോധനം. മതിയായ രേഖകളും സുരക്ഷാ സംവിധാനങ്ങളും ഉടൻ ഒരുക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. പൊലീസ്, പഞ്ചായത്ത്, മോട്ടോർ വാഹന വകുപ്പ്, വനംവകുപ്പ് എന്നിവർക്ക് ഇതുസംബന്ധിച്ച ഉത്തരവ് കൈമാറി.

✪✪✪

കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയിൽ ഉൾപ്പെടുത്തി MG റോഡിൽ പത്തുകോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചു. മേയർ M അനിൽകുമാറിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ ടെണ്ടുൽക്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്ക് ചരിത്രവിജയം. ഇംഗ്ലണ്ടിനെ 336 റൺസിന് ഇന്ത്യ തകർത്തു. 58 വർഷത്തിന് ശേഷമാണ് ബർമിംഗ്ഹാമിലെ എഡ്ബാസ്റ്റണിൽ വിജയം സ്വന്തമാക്കുന്നത്. പത്തുവിക്കറ്റ് വീഴ്ത്തിയ ആകാഷ്ദീപാണ് ഇംഗ്ലണ്ടിനെ നിലംപരിശാക്കിയത്. 1986ൽ ചേതൻശർമയ്ക്ക് ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ താരം പത്ത് വിക്കറ്റുകൾ വീഴ്ത്തുന്നത്. ആദ്യ ഇന്നിംഗ്സിൽ നാല് വിക്കറ്റും രണ്ടാം ഇന്നിംഗ്സിൽ ആറു വിക്കറ്റും ആകാഷ്ദീപ് സ്വന്തം പേരിൽ കുറിച്ചു. 608 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സ് ആരംഭിച്ച ഇംഗ്ലണ്ട് 271 റൺസിന് പുറത്തായി.

മൂന്നാം ടെസ്റ്റ് അടുത്ത വ്യാഴാഴ്ച ആരംഭിക്കും.

✪✪✪

വിംബിൾഡൺ ടെന്നീസ് ഡബിൾസിൽ ഇന്ത്യയുടെ യുകി ഭാംബ്രിയും അമേരിക്കൻ പങ്കാളി റോബർട്ട് ഗലോവയും ഇന്ന് മൂന്നാം റൗണ്ടിൽ മത്സരിക്കും. വിംബിൾഡണിൽ ശേഷിക്കുന്ന ഏക ഇന്ത്യൻ കളിക്കാരനാണ് ഭാംബ്രി.

✪✪✪

ഏഷ്യൻ പാരാ ആർച്ചറി ചാമ്പ്യൻഷിപ്പിൽ ലോക ഒന്നാം നമ്പർ താരവും പാരാലിംബിക് ചാമ്പ്യനുമായ ഹർവീന്ദർ സിംഗ് ഇന്നലെ രണ്ട് സ്വർണം നേടി. ഇതോടെ മെഡൽ പട്ടികയിൽ ചൈനയ്ക്ക് തൊട്ടുപിന്നിലാണ് ഇന്ത്യ. വനിതാ കോമ്പൗണ്ട് ടീമിലെ ശീതൾ ദേവിയും, ജ്യോതിയും സ്വർണം നേടി.

✪✪✪

മന്ത്രി വീണാ ജോർജ്ജിന്റെ രാജി ആവശ്യപ്പെട്ട് രാവിലെ BJP കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റി ജില്ലാ ആശുപത്രിയിലേക്ക് മാർച്ച് നടത്തും. താളികാവ് മാരാർജി ഭവന് മുന്നിൽ നിന്ന് ആരംഭിക്കുന്ന മാർച്ച് BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ സൗത്ത് ജില്ലാ കമ്മറ്റിയുടെ മാർച്ച്  വാടിക്കൽ നിന്ന് ആരംഭിക്കും. BJP മേഖല പ്രസിഡണ്ട് TP ജയചന്ദ്രൻ ഉദ്ഘാടനം ചെയ്യും. തലശ്ശേരി ജനറൽ ആശുപത്രിയി ലേക്കാണ് മാർച്ച്.

✪✪✪

ഈ വർഷത്തെ പ്രവാസി ദോഹ -ബഷീർ പുരസ്കാരം പ്രമുഖ സാന്ത്വന ചികിത്സാ വിദഗ്ധനും WHO കൊളാബറേറ്റിംഗ് സെന്ററിന്റെ ഡയറക്ടറുമായ ഡോക്ടർ K സുരേഷ്കുമാറിന് നൽകും. സ്വാന്ത്വന ചികത്സയുടെയും വയോജന പരിചരണത്തിന്റെയും രംഗത്ത്  കേരള മാതൃക സൃഷ്ടിച്ചത്തിന്റെ പേരിലാണ് സുരേഷ്കുമാറിനെ പുരസ്കാരത്തിന് തെരഞ്ഞെടുത്തതെന്ന് എഴുത്തുകാരൻ വൈശാഖൻ ചെയർമാനായ ജൂറി അറിയിച്ചു. അൻപതിനായിരം രൂപയും ശിൽപ്പവും അടങ്ങിയ പുരസ്കാരം സെപ്തമ്പറിൽ സമ്മാനിക്കും.

✪✪✪

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്കിൽ പൊതുമാനദണ്ഡം കൊണ്ടുവരണമെന്ന് CPI കണ്ണൂർ ജില്ലാ സമ്മേളനം  ആവശ്യപ്പെട്ടു. സമഗ്രമായ പഠനത്തിലൂടെ ശാസ്ത്രീയ  നിയമനിർമ്മാണം വഴി ഇത് നടപ്പാക്കണമെന്നും സമ്മേളനം നിർദേശിച്ചു.

ജില്ലാ സെക്രട്ടറി ആയി  CP സന്തോഷ് കുമാറിനെ  രണ്ടാം തവണയും തിരഞ്ഞെടുത്തു.

✪✪✪

ബഷീർ കൃതികളുടെ വെളിച്ചം കാലമേറുമ്പോൾ മങ്ങുന്നതിനു പകരം വെളിച്ചമേറിയതാവുകയാണെന്ന് എഴുത്തുകാരൻ അംബികസുതൻ മാങ്ങാട് അഭിപ്രായപ്പെട്ടു. വായന പക്ഷാചരണത്തിന്റെ ഭാഗമായി കാസർകോട്ട് സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണവും ബഷീർ ചെറുകഥ പുരസ്കാര ദാനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അംബികാസുതൻ.

✪✪✪

സംസ്ഥാന ഗവൺമെന്റിനെതിരെ കോൺഗ്രസ് സംഘടിപ്പിക്കുന്ന പ്രതിഷേധങ്ങളുടെ ഭാഗമായി കോഴിക്കോട് DCC-യുടെ സമര സംഗമം ഉച്ച കഴിഞ്ഞ് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും. UDF കൺവീനർ അടൂർ പ്രകാശ്, MP-മാരായ MK രാഘവൻ, ഷാഫി പറമ്പിൽ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

അന്തർദേശീയ സഹകരണ സഖ്യത്തിന്റെ സാംസ്കാരിക പൈതൃക വർക്കിംഗ് ഗ്രൂപ്പ് അംഗമായി ഊരാളുങ്കൽ സൊസൈറ്റി പ്രതിനിധി TK കിഷോർകുമാറിനെ തെരഞ്ഞെടുത്തു. ULCCS ചീഫ് പ്രൊജക്ട് കോ ഓർഡിനേറ്ററും UL സൈബർ പാർക്ക് CEO യുമാണ് കിഷോർകുമാർ. ആഗോള സഹകരണ പ്രസ്ഥാനത്തിന് ഇന്ത്യ നൽകിവരുന്ന സംഭാവനയ്ക്ക് അംഗീകാരമാണ് അംഗത്വമെന്ന് വിലയിരുത്തുന്നു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*